LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭങ്ങളുടെ അഭാവം

171 (556) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ബ്രഹ്മത്തായ വ്യവസായ സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്ത് വരാത്തതും നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഇവിടെനിന്നും ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതും ഇവിടത്തെ റവന്യൂ വരുമാനത്തെ ദോഷകരമായി ബാധിക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം നിലവിലുള്ളതായും അത് മുഖേന സംസ്ഥാനത്തേയ്ക്ക് ധാരാളം വരുമാനം ലഭിക്കുന്നതായും മാത്രമല്ല വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര ബ്രഹ്മത്തായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച ബ്രഹ്മത്തായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

സ്ഥാപനം	നിക്ഷേപം (തുക കോടി രൂപയിൽ)
Malabar Ispat Ltd. Kasargod	34.25
Sunpower Cement Company Pvt. Ltd (expansion), Palakkad	24.68
Dr.K.M.Cherian Institute of Medical Sciences, Chengannur	185.00

(സി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ച് പോയിട്ടുണ്ട്; അതിന്റെ കാരണം വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ 227 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ പുതുതായി 69,138 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിലുണ്ടായ പ്രതിസന്ധികൾ, പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി, പരിസരവാസികളുടെ പരാതികൾ, സാമ്പത്തിക രംഗത്തുണ്ടായ തകർച്ച, പ്ലാസ്റ്റിക് നിരോധനം, വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പാർട്ണർഷിപ്പ് സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ പ്രധാന കാരണങ്ങൾ.